ॐ



**ഗതിസ്മിത പ്രേക്ഷണ ഭാഷണാദിഷു പ്രിയാ: പ്രിയസ്യ പ്രതിരൂഢമൂർത്തയ :**
**അസാവഹം ത്വിത്യബലാസ്തദാത്മികാ ന്യവേദിഷു: കൃഷ്ണവിഹാരവിഭ്രമാ: (10–30–3)**
**പൃച്ഛതേമാ ലതാ ബാഹൂനപ്യാശ്ലിഷ്ടാ വനസ്പതേ:**
**നൂനം തത്കരജസ്പൃഷ്ടാ ബിഭ്രത്യുത് പുളകാന്യഹോ (10–30–13)**

*ശുകമുനി തുടർന്നു:*
കൃഷ്ണൻ അപ്രത്യക്ഷനായതോടെ ഗോപികമാർ ദു:ഖാകുലരായി.. കൃഷ്ണവിരഹദു:ഖം ബാധിച്ച് അവരാകെ വിവശരായി. അവരുടെ ഹൃദയം കൃഷ്ണപ്രേമം കൊണ്ട് നിറഞ്ഞിരുന്നുവല്ലോ. ഗോപികമാർ കൃഷ്ണന്റെ രൂപഭാവഹാവാദികൾ ഓർമ്മിച്ചു. കൃഷ്ണന്റെ പുഞ്ചിരിയും കള്ളനോട്ടവും ചെയ്തികളും അവരോർമ്മിച്ചു. കൃഷ്ണന്റെ ലീലകൾ അവർ അനുകരിച്ച് അഭിനയിക്കാൻ തുടങ്ങി. അവർ അവരുടെ ശരീരവും ചുറ്റുപാടുകളുമെല്ലാം വിസ്മരിച്ച് കൃഷ്ണനായി നടിച്ചു ചിലർ. ഒരു ഗോപി കൃഷ്ണനുവേണ്ടി ദാഹിച്ചുനിൽക്കുന്നത് കണ്ട് മറ്റൊരു ഗോപി “ഞാൻ കൃഷ്ണനാണ്” എന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. വീണ്ടും സമയമേറെച്ചെന്നപ്പോൾ കൃഷ്ണൻ അവരുടെ കൂട്ടത്തിൽ ഇല്ലെന്ന സത്യം തിരിച്ചറിഞ്ഞ് തങ്ങളുടെ പ്രിയപ്പെട്ടവനെ കാട്ടിൽ തിരയാൻ തുടങ്ങി.

ആ കാട്ടിലെ ഏകാന്തതയിലും നിശ്ശബ്ദതയിലും കൃഷ്ണനെ കണ്ടോയെന്ന് ചോദിക്കാൻ അവിടെ മനുഷ്യരാരും ഉണ്ടായിരുന്നില്ല. അവർ പൂക്കളോടും ചെടികളോടും പുൽനാമ്പിനോടും ചോദിച്ചു. “ഞങ്ങളുടെ പ്രിയങ്കരൻ കൃഷ്ണൻ ഇതുവഴി കടന്നുപോയൊ? അവൻ ആ താമരപ്പാദങ്ങൾ ഇവിടെ തൊട്ടുവോ? അവൻ നിന്റെ സുഗന്ധം ആസ്വദിച്ചുവോ? അവൻ ഏതു വഴിയാണ് പോയത്? നമുക്കീ പൂവള്ളിയോട് ചോദിക്കാം. മരത്തിനെ ചുറ്റിപ്പടർന്നിരിക്കുന്നു എങ്കിലും ഈ പൂവള്ളി കൃഷ്ണന്റെ പൂമേനിയെ തൊട്ടിരിക്കണം. അല്ലെങ്കിൽ നോക്കൂ പുതുപൂനാമ്പുകൾ നിറഞ്ഞിരിക്കുന്നത് ആ ഹർഷോൻമാദത്തിന്റെ തെളിവാണല്ലോ”. വിരഹദു:ഖത്തിന്റെ തീവ്രതയിൽ ഗോപികമാർ ഒരിക്കൽക്കൂടി അവരുടെ അവബോധത്തെ വ്യക്തിത്വബോധത്തിൽനിന്നുമുയർത്തി കൃഷ്ണാവബോധത്തിൽ ലയിപ്പിച്ച് കൃഷ്ണലീലകൾ അഭിനയിക്കാൻ തുടങ്ങി.

ഒരു ഗോപിക പൂതനയായി. മറ്റൊരാൾ കൃഷ്ണനായി പൂതനയുടെ മുലയുണ്ടു. ഒരുവൾ തൃണാവർത്തനായി. മറ്റൊരുവൾ അസുരനെക്കൊന്ന കൃഷ്ണനായി. പെട്ടെന്നൊരു ഗോപിക പശുവിനെ തെളിക്കുന്ന കൃഷ്ണനായി. എന്നിട്ട് മധുരസ്വരത്തിൽ പൈക്കളെ വിളിച്ചു. ഒരുവൾ മുരളീഗീതം പൊഴിച്ചു. ഒരുവൾ ഒരു കൊടിയെടുത്തു വീശി ഇങ്ങിനെ പ്രഖ്യാപിച്ചു. “ഇന്ദ്രനോട് ഭയപ്പെടേണ്ടതില്ല. പ്രളയമേഘങ്ങളോടും ഭയം വേണ്ട. നോക്കൂ ഞാനീ പർവ്വതം ഉയർത്തിപ്പിടിച്ച് നിങ്ങളെ സംരക്ഷിച്ചു കൊള്ളാം”. ഒരു ഗോപിക മറ്റൊരുവളുടെ തലയിൽ ചാടിക്കയറി നിന്ന് കാളിയമർദ്ദനം നടിച്ചു. കാളിയനെ അവിടം വിട്ട് പോകാൻ ശകാരിച്ചു. മറ്റൊരു ഗോപി ഗോപാലൻമാരോട് കണ്ണടച്ചിരിക്കാൻ പറഞ്ഞിട്ട് കാട്ടുതീയിനെ അപ്പാടെ വിഴുങ്ങുന്ന കണ്ണനായി അഭിനയിച്ചു. അങ്ങിനെയവർ കൃഷ്ണനായിത്തന്നെ കൃഷ്ണനിൽ നിവസിച്ചു.